കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും കെ.എസ്.ആർ.ടി.സി.ക്ക് പ്രവർത്തന മൂലധന ഇനത്തിൽ പ്രതിമാസം 35 കോടി രൂപ നിരക്കിൽ ലോൺ എടുക്കാൻ അനുമതി നൽകിയിരുന്നത് കെ.റ്റി.ഡി.എഫ്.സി. പ്രതിമാസം 20 കോടി രൂപയായി കുറച്ചു. ഇക്കാരണത്താൽ പ്രതിമാസം 35 കോടിയിൽപ്പരം രൂപ കമ്മിറ്റിയിൽ പ്രവർത്തിക്കുന്ന കെ.എസ്.ആർ.ടി.സി.ക്ക് പെൻഷൻ മാസാദ്യം തന്നെ നൽകുവാൻ കഴിയാത്ത അവസ്ഥയിലാണ്.

(സി) കെ.എസ്.ആർ.ടി.സി.യിലെ ജീവനക്കാർക്കും, സർക്കാർ ജീവനക്കാർക്കും, അദ്ധ്യാപകർക്കും അനുവദിച്ച ഡി.എ.യിൽ 33 ശതമാനം ഡി.എ. കുടിശ്ശികയുണ്ട്. ടി കുടിശ്ശികയിൽ 19% കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ഫെബ്രുവരി 2011 മാസത്തെ ശമ്പളത്തോടൊപ്പം നൽകുവാൻ തീരുമാനമായിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ആനുകൂല്യങ്ങൾ നൽകുന്നത് ജീവനക്കാരും മാനേജ്മെന്റും തമ്മിലുള്ള ഉഭയകക്ഷി കരാറിന്റെ അടിസ്ഥാനത്തിലാണ്. 1997-നുശേഷം ഉഭയകക്ഷി കരാർ പുതുക്കുകയുണ്ടായില്ല. ടി കരാർ 2009-ൽ പുതുക്കി 1-3-2006 മുതൽ പ്രാബല്യം നൽകി 1-3-2009 മുതൽ സാമ്പത്തിക ആനുകൂല്യം നൽകുകയുണ്ടായി. പ്രസ്തുത കരാറിന്റെ കാലാവധി 28-2-2011-ൽ തീരുന്നതിനാൽ പുതിയ സേവന-വേതന കരാറിനെ സംബന്ധിച്ച് 16-2-2011-ൽ ചർച്ചകൾ ആരംഭിച്ചു കഴിഞ്ഞു.

പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് 4 മുതൽ 5 വർഷക്കാലം വരെ കാലതാമസം നേരിട്ടിരുന്നത് ചുരുങ്ങി ഏതാണ്ട് ഒരു വർഷം എന്നായിട്ടുണ്ട്. 31-3-2010-ൽ റിട്ടയർ ചെയ്തവരുടേതൊഴികെ എല്ലാവരുടേയും പെൻഷനാനുകൂല്യങ്ങൾ നൽകുവാൻ നടപടിയായിട്ടുണ്ട്.

പെൻഷൻകാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് ബഹു. ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം വരുമാനത്തിന്റെ പത്ത്ശതമാനം പ്രത്യേക ട്രഷറി അക്കൗണ്ടിലേക്ക് നീക്കിവയ്ക്കുന്നുണ്ട്. പെൻഷൻകാരുടെ ആനുകൂല്യങ്ങൾ ഈ ഫണ്ടിൽ നിന്ന് മുൻഗണനാക്രമത്തിൽ നൽകിവരുന്നുണ്ട്.

(ഡി) പ്രവർത്തന മൂലധന ചെലവിലേക്കും മറ്റുമായി പ്രതിമാസം 20 കോടി രൂപ കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും കടമെടുക്കുന്നുണ്ട്.

കെ.എസ്.ആർ.ടി.സി.യിലെ കൺസൾട്ടന്റ് നിയമനം

178 (1906) ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യിൽ നിന്നും വിരമിച്ച എത്ര ജീവനക്കാരെ കൺസൾട്ടന്റ് തസ്തികയുണ്ടാക്കി കെ.എസ്.ആർ.ടി.സി.യിൽ നിയമിച്ചിട്ടുണ്ട് ;

(ബി) ഇവരെ എന്ത് മാനദണ്ഡം അടിസ്ഥാനമാക്കിയാണ് നിയമിച്ചത് എന്ന് വ്യക്തമാക്കുമോ ;

(സി) ഇവർ ചെയ്തുകൊണ്ടിരിക്കുന്ന ജോലി നേരത്തെ ആരാണ് നിർവ്വഹിച്ചുകൊണ്ടിരുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 6 പേരെ നിയമിച്ചിട്ടുണ്ട്.

(ബി) സർവ്വീസിൽ ഉയർന്ന തസ്തികകളിൽ നിന്ന് വിരമിച്ച ഓഫീസർമാരെ ഭരണപരമായ സൗകര്യത്തിലേക്ക് കൺസൾട്ടന്റുമാരായി നിയമിച്ചിട്ടുണ്ട്

(സി) ബോഡി നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രാഗല്ഭ്യം നേടിയ ഉദ്യോഗസ്ഥരായിരുന്നവർ റിട്ടയർ ചെയ്തപ്പോൾ പകരക്കാരനായി അത്തരം ഉദ്യോഗസ്ഥർ ലഭ്യമല്ലാതിരുന്നതിനാൽ മെക്കാനിക്കൽ വിഭാഗത്തിൽനിന്ന് റിട്ടയർ ചെയ്ത 4 പേരെ കൺസൾട്ടന്റായി നിയമിച്ചു. അതുപോലെ കമ്പ്യൂട്ടർ സെന്റർ ആവശ്യത്തിന് പ്രാഗല്ഭ്യം നേടിയ ആൾക്കാർ ഇല്ലാതിരുന്നപ്പോൾ ടി സെക്ഷനിൽ സീനിയർ പ്രോഗ്രാമർ ആയി പ്രവർത്തിച്ചയാളേയും കൺസൾട്ടന്റായി നിയമിച്ചു. ഭരണപരമായ കാര്യങ്ങളിൽ വിദഗ്ദ്ധോപദേശം നൽകുന്നതിനായി പ്രാഗല്ഭ്യം നേടിയ ഒരു ഉദ്യോഗസ്ഥനെ കൺസൾട്ടന്റ് (ADMN) ആയി കരാർ അടിസ്ഥാനത്തിൽ നിയമിച്ചു.

കെ.എസ്.ആർ.ടി.സി.യിലെ കൺസൾട്ടന്റ് നിയമനം

179 (1907) ശ്രീ. ബി. ബാബു പ്രസാദ്: താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യിൽ അവസാനമായി പ്രഖ്യാപിച്ച ശമ്പളപരിഷ്ക്കരണ തീരുമാനങ്ങൾ പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത ശമ്പളപരിഷ്ക്കരണ തീരുമാനങ്ങളിൽ ഏതെങ്കിലും നടപ്പിലാക്കാൻ അവശേഷിക്കുന്നുണ്ടോ ; എങ്കിൽ പ്രസ്തുത തീരുമാനങ്ങൾ ഏതെന്നും അവ നടപ്പിലാക്കാത്തതിന്റെ കാരണം എന്തെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത തീരുമാനങ്ങൾ എത്ര ദിവസത്തിനകം നടപ്പിലാക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി&സി) ഉണ്ട്. ശമ്പളപരിഷ്ക്കരണ കരാറിന്റെ 37-ാം ഖണ്ഡിക പ്രകാരമുള്ള ഹയർ ഡിവിഷൻ ഓഫീസർ തസ്തിക സംബന്ധിച്ചും 46-ാം ഖണ്ഡികയിലെ പൊതുവിഷയങ്ങളിൽപ്പെട്ട കാര്യങ്ങളും പൂർണ്ണമായും നടപ്പാക്കാനായിട്ടില്ല. ആയവ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി.യിലെ വിവിധ തസ്തികകളിലെ നിയമനം

180 (1908) ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. വർക്ക് അസിസ്റ്റന്റ് തസ്തികയിൽ നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നും എത്ര ആളുകൾക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് സംവരണ ക്രമമനുസരിച്ചുള്ള ലിസ്റ്റ് സഹിതം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly